**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **12-07-2022 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ; | (എ) | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (50 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാർ ഉണ്ടാവണം) സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാനവ വിഭവശേഷി വികസനം, അടിസ്ഥാനാവശ്യങ്ങൾ, സാമ്പത്തിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പ്രോജക്ട് അധിഷ്ഠിത പദ്ധതികൾക്കാണ് പട്ടികജാതി വികസന വകുപ്പിൽ അംഗീകാരം നൽകുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് വാർഷിക പദ്ധതികളിൽ ട്രൈബൽ സബ് പ്ലാൻ സ്കീമുകളിൽ ഉണ്ടാകുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. മാനവ വിഭവ വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയ പ്രോജക്ടുകൾക്കാണ് ഇതിൽ ഊന്നൽ നൽകുന്നത്. |
| (ബി) | 2022-23 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര തുകയാണ് കണ്ണൂർ ജില്ലയ്ക്ക് നീക്കി വെച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് 2022-23 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്ക് 41 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്ക് നടപ്പ് വർഷം 1,29,79,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 43,26,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | 2021-22 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പ് 2021-22 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ ശ്രീമതി. ചെറുക്കിണിയൻ ശാന്ത എന്നവർക്ക് കുടിവെള്ള കണക്ഷന് 1,09,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ 2021-22 വർഷത്തിൽ കോർപ്പസ് ഫണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | 2022-23 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ